Draft #6 of File p&d-1/2/3173/2011/admn Approved by DEPUTY REGISTRAR (P & D) on 23-Oct-2019 09:10 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിനു വേണ്ടി തൊടുപുഴ മുട്ടം ക്യാമ്പസിൽ നിർമ്മിക്കുന്ന കെട്ടിടത്തിനായുള്ള 12,50,80,000/- രൂപയുടെ എസ്റ്റിമേറ്റും കെട്ടിടത്തിൻറെ പരിഷ്കരിച്ച അന്തിമ പ്ലാനും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 1**

നമ്പർ. 5103/P&D 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 23.10.2019

---

പരാമർശം:-1. യു.ഒ.നം. 3072/പി &ഡി1/2/2017/ഭരണവിഭാഗം, തീയതി 23.05.2017
2. യു.ഒ.നം. 7385/പി &ഡി1/2/2017/ഭരണവിഭാഗം, തീയതി 19.12.2017
3. യു.ഒ.നം. 4410/പി &ഡി1/2/2018/ഭരണവിഭാഗം, തീയതി 30.05.2018
4. യു.ഒ.നം. 6605/പി &ഡി1/2/2018/ഭരണവിഭാഗം, തീയതി 11.09.2018
5. യു.ഒ.നം. 670/പി &ഡി1/2/2019/ഭരണവിഭാഗം, തീയതി 11.02.2019
6. 05.10.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ. ഒ.എ24/19.08

**ഉത്തരവ്**

പരാമർശം (1) പ്രകാരം, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിന് വേണ്ടി സർവകലാശാല ക്യാമ്പസ്സിൽ കെട്ടിടം നിർമ്മിക്കുന്നതിന് 10 കോടി രൂപയുടെ എസ്റ്റിമേറ്റും പ്ലാനും അംഗീകരിച്ച് ഉത്തരവായിരുന്നു.

പരാമർശം (2) പ്രകാരം, ടി നിർമ്മാണവുമായി ബന്ധപ്പെട്ട് ആർക്കിടെക്റ്റായ വാസ്തുശില്പാലയക്ക് ആർക്കിടെക്റ്റ് ഫീസിൻറെ ഒന്നാം ഘട്ടമായി 5,90,000/- രൂപയും പരാമർശം (3) പ്രകാരം, രണ്ടാം ഘട്ടമായി 4,42,500/- രൂപയും അനുവദിച്ച് ഉത്തരവായിരുന്നു. സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിന്റെ നിർമാണവുമായി ബന്ധപ്പെട്ട് നിർവഹണ ഏജൻസിയായ കേരള ഇൻഡസ്ട്രിയൽ ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ (KITCO ) - യുമായി ഒപ്പു വച്ച ധാരണാപത്രത്തിലെ വ്യവസ്ഥ അനുസരിച്ച് പദ്ധതിയുടെ അടങ്കൽ തുകയായ പത്തു കോടി രൂപയുടെ 20% ആയ രണ്ട് കോടി രൂപ,പരാമർശം (4) പ്രകാരം ടി കെട്ടിടനിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസിയായ കിറ്റ്കോ-യ്ക്ക് അനുവദിച്ച് ഉത്തരവായിരുന്നു.

സർവകലാശാലയുടെ ഉടമസ്ഥതയിലുള്ളതും സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിന് കൈമാറിയതും മുട്ടം എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തിക്കുന്നതുമായ ക്യാമ്പസ്സിൽ അധികമായുള്ള സ്ഥലം സർവകലാശാലയ്ക്ക് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിന്റെ ഭാഗമായി പരാമർശം (5) പ്രകാരം, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിനായുള്ള കെട്ടിടം തൊടുപുഴ മുട്ടം ക്യാമ്പസിലേക്ക് മാറ്റി നിർമ്മിക്കുന്നതിന് ഉത്തരവായിരുന്നു.

ഇതനുസരിച്ച്  തൊടുപുഴ മുട്ടം ക്യാമ്പസ്സിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിന്റെ കെട്ടിടത്തിന് വേണ്ടി  വാസ്തുശിൽപാലയ കൺസൾട്ടൻസി സമർപ്പിച്ച പരിഷ്കരിച്ച പ്ലാനും എസ്റ്റിമേറ്റും പരിശോധിച്ച 05.10.2019-ന് കൂടിയ സിൻഡിക്കേറ്റ് യോഗം  പരാമർശം (6) പ്രകാരം താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**"സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിനു വേണ്ടി തൊടുപുഴ മുട്ടം ക്യാമ്പസിൽ നിർമ്മിക്കുന്ന കെട്ടിടത്തിനായുള്ള 12,50,80,000/-  രൂപയുടെ എസ്റ്റിമേറ്റും കെട്ടിടത്തിൻറെ പരിഷ്ക്കരിച്ച  അന്തിമ പ്ലാനും അംഗീകരിക്കുന്നതിന് തീരുമാനിച്ചു."**

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സർവകലാശാല എഞ്ചിനീയർ
2. ഡയറക്ടർ, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് / മാനേജിങ് ഡയറക്ടർ , KITCO Ltd .
3. വി.സി., പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ
5. ജനറൽ ക്യാഷ്
6. എ സി സി സെക്ഷൻ / എ ഡി ഡി സെക്ഷൻ
7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ ഓഡിറ്റ് 1/ അക്കൗണ്ട്സ് V
8. റെക്കോർഡ്സ് സെക്ഷൻ / ഫിനാൻസ് IV
9. കെ എസ് എ ഡി
10. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #6 of File p&d-1/2/3173/2011/admn Approved by DEPUTY REGISTRAR  (P & D) on 23-Oct-2019 09:10 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം